LIBRARY ARCHIVES Kerala Legislative Assembly

ലൈഫ് ഗാർഡുമാരെ സ്ഥിരപ്പെടുത്താൻ നടപടി

226 (8287) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ടൂറിസം വകുപ്പിന് കീഴിൽജോലി ചെയ്യുന്ന ലൈഫ് ഗാർഡുമാരെ സ്ഥിരപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) ലൈഫ് ഗാർഡുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ജോലി ഭാരത്തിനനുസരിച്ച് ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) ലൈഫ് ഗാർഡുകൾക്ക് ആധുനിക രക്ഷാഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ടൂറിസം വകുപ്പിൽ ലൈഫ് ഗാർഡുമാരുടെ തസ്തികകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ ലൈഫ് ഗാർഡുമാരെ സ്ഥിരപ്പെടുത്തുന്നത് പ്രായോഗികമല്ല.

(ബി) പരിശോധിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. ലൈഫ് ഗാർഡുകൾക്ക് ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ ഉത്തരവ് (Rt) No. 5207/2013/TSM dated 25-6-2013 പ്രകാരം 31,79,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ സ്ഥാപനമായ M/s KSIE Ltd ആണ് ജീവൻ രക്ഷാഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് സർക്കാർ അനുമതി നൽകിയിരിക്കുന്നത്. പദ്ധതി ചെലവിന്റെ 80 ശതമാനം തുക M/s KSIE Ltd.-ന് റിലീസ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങളുടെ വിതരണത്തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.